# പ്രവചനവും ചരിത്രവും

K. A. Philip B. A., B. Ed.

ആൽബർട്ടു് എയിൻസ്റ്റീൻ അദ്ദേഹത്തിൻെറ ആപേക്ഷികസിദ്ധാന്തവും (The Theory of Relativity) ചതുർമാന തത്വവും(four dimensions) പ്രസിദ്ധീകരിച്ചപ്പോൾ വിജ്ഞാനമണ്ഡലത്തിൽ ഒരു വിപ്ലവമാണുണ്ടായതു്. ഭൗതിക പ്രപഞ്ചത്തിൽ അഭൗതിക ഘടകങ്ങൾക്കു വലിയ സ്ഥാനമുണ്ടു് എന്നു് ഉന്നതശീർഷരായ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുവാൻ അതു സഹായിച്ചു. മാത്രമല്ല, മനുഷ്യഭാവനയ്ക്കും ശാസ്ത്രം ഇടംകൊടുക്കും എന്നു വന്നു. ഉദാഹരണമായി വെളിച്ചത്തേക്കാൾ വേഗത്തിൽ നമുക്കു സഞ്ചരിക്കുവാൻ കഴിയുമെന്നു സങ്കല്പിച്ചാൽ ഭൂതകാലത്തിലേയ്ക്കു കടന്നുചെല്ലാം എന്നാണതിൻെറ അർത്ഥം. ചുരുക്കത്തിൽ സ്പേസ് ട്രാവൽ മാത്രമല്ല ടൈം ട്രാവലും നടക്കുവാൻ സാദ്ധ്യതയുണ്ടു് എന്നു് വരുന്നു. ശാസ്ത്രം സമയസഞ്ചാരം സാദ്ധ്യമാക്കുമോ, ഇല്ലയോ എന്നുള്ളതല്ല ഇവിടത്തെ വിഷയം. സമയസഞ്ചാരം എന്ന ആശയം ഇപ്പോൾ ശാസ്ത്രത്തിലുണ്ടു് എന്നുള്ളതാണു ശ്രദ്ധിക്കേണ്ടതു്. ശാസ്ത്രീയമായി പറഞ്ഞാൽ പ്രവചനം ഒരു സമയസഞ്ചാരമാണു്. ഭാവിയിലേയ്ക്കുള്ള ഒരു യാത്ര. യോഹന്നാൻ അപ്പോസ്തോലനു് പത്മോസിൻെറ ഏകാന്തശൂന്യതയിൽവെച്ചു് ഭാവിയുടെ നൂററാണ്ടുകൾക്കപ്പുറത്തേയ്ക്കു് അത്തരമൊരു "ലിഫ്റ്റു" കിട്ടി. വെളിപ്പാടുപുസ്തകം ആ യാത്രാവിവരണമാണു്.

എയിൻസ്റ്റീന്റെ ചതുർമാനതത്ത്വം പറയുന്നത് ഈ പ്രപഞ്ചത്തെ മനസ്സിലാക്കുവാൻ സമയം (time) എന്ന വസ്തുതകൂടി കണക്കിലെടുക്കണമെന്നാണ്. അവിടെയാണ് നിത്യനായ ഒരു വ്യക്തി അനിവാര്യനാകുന്നത്. സർവ്വശക്തനും, സർവ്വജ്ഞാനിയും സർവ്വവ്യാപിയുമായ ത്രിയേകദൈവം ഉണ്ട്. ദൈവത്തിന്റെ ത്രിത്വസ്വഭാവം തന്റെ സൃഷ്ടിയിൽ വ്യക്തമായി കാണാനുണ്ട്. മൂന്നുകളുടെ അത്ഭുതകരമായ സമന്വയനമാണ് ദൈവസൃഷ്ടി എല്ലാംതന്നെ. നീളം, വീതി, ഉയരം എന്നിവകൊണ്ടു സ്ഥലവും ഊർജ്ജം, ചലനം, പ്രതിഭാസം എന്നിവകൊണ്ടു പദാർത്ഥവും ഭാവി, വർത്തമാനം, ഭൂതം എന്നിവകൊണ്ടു കാലവും സ്ഥലകാലപദാർത്ഥങ്ങൾകൊണ്ട് പ്രപഞ്ചവും ദൈവം ഉണ്ടാക്കി. ആ പ്രപഞ്ചത്തിൽ ദേഹം, ദേഹി, ആത്മാവ് എന്നിവയൊന്നിച്ച് മനുഷ്യനെയും ദൈവം സൃഷ്ടിച്ചു. സ്രഷ്ടാവ് തന്റെ എല്ലാ സൃഷ്ടികൾക്കും അതീതനായിരിക്കുമല്ലോ. അങ്ങനെ ദൈവം സ്ഥലകാലാതീതനായി നിലകൊള്ളുന്നു. ദൈവത്തിന്റെ ഈ കാലാതീതത അഥവാ നിത്യാസ്തിക്യമാണ് പ്രവചനം എന്ന പ്രതിഭാസത്തിനു അടിസ്ഥാനം. കാലത്തിന്റെ പരിധിയിൽപെട്ടുനിൽക്കുന്ന മനുഷ്യജീവിതത്തിൽ ദൈവം ഇടപെട്ടുകൊണ്ട് മനുഷ്യനെ സംബന്ധിക്കുന്ന ഭാവികാര്യങ്ങൾ ദൈവം അവനു വെളിപ്പെടുത്തിക്കൊടുക്കുന്നു. ദൈവിക അരുളപ്പാടുകളുടെ സമാഹാരമായ വിശുദ്ധവേദപുസ്തകത്തിന്റെ പേജുകളിൽ ഇത്തരം വെളിപ്പാടുകൾ നിറഞ്ഞുനിൽക്കുകയാണ്.

മനുഷ്യൻ ഒരു സമൂഹജീവിയാണല്ലൊ. വ്യക്തികളുടെയും, സംഘങ്ങളുടെയും പ്രവർത്തനങ്ങളും സമൂഹത്തിൽ അവകൊണ്ടുണ്ടായിട്ടുള്ള പ്രതിപ്രവർത്തനങ്ങളുമാണ്

ചരിത്രത്തിന്റെ ഉള്ളടക്കം. ആശയങ്ങൾ, ആദർശങ്ങൾ, വികാരങ്ങൾ എന്നിവയെല്ലാംതന്നെ മനുഷ്യപെരുമാററങ്ങൾക്കു രൂപം കൊടുത്തിട്ടുണ്ട്. അങ്ങനെയുണ്ടായ സംഭവങ്ങളുടെ ഒരു ഒഴുക്കാണു ചരിത്രം. ഇതിന്റെ ഗതിവിഗതികളെപ്പററി സർവ്വജ്ഞാനിയും നിത്യനുമായ ദൈവം മുൻകൂട്ടി തന്റെ ഭക്തന്മാരെ അറിയിച്ചിട്ടില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. ദൈവം ഇങ്ങനെ മുൻകൂട്ടി വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിൽ ഒരു നല്ല പങ്ക് നമ്മെസംബന്ധിച്ച് ചരിത്രമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ചരിത്രമായിക്കഴിഞ്ഞ ഏതാനും ചില പ്രവചനങ്ങൾ നമുക്കു ചിന്താവിഷയമാക്കാം.

ലോകചരിത്രഗതിയുടെ മുഖ്യധാര ഏതു വഴിക്കാണെന്ന് വളരെ വ്യക്തമായിപറയുന്ന ഒരു പുസ്തകമാണ് ദാനിയേൽ പ്രവചനം. ബാബിലോൺ, മേദോപാർസ്യ, ഗ്രീസ്, റോമ എന്നീ സാമ്രാജ്യങ്ങളുടെ വികാസപരിണാമങ്ങളും പര്യവസാനവും അവയ്ക്കുശേഷം ദൈവപുത്രൻ സ്ഥാപിക്കുന്ന ലോകസാമ്രാജ്യവുമാണ് ദാനിയേൽ ദർശിക്കുന്നതു്. സാമ്രാജ്യങ്ങളുടെ ഭാഗധേയങ്ങൾ വിവരിക്കുമ്പോൾ നിരവധി വിശദാംശങ്ങൾ പ്രവാചകൻ തരുന്നുണ്ട്. അവയൊക്കെ അക്ഷരംപ്രതി സംഭവിച്ചുകൊണ്ട് ചരിത്രമായി പരിണമിക്കുന്നതു് അത്യത്ഭുതമായിരിക്കുന്നു. അവയിൽ ചിലതുമാത്രം എടുത്തുപറയട്ടെ.

മഹാനായ അലക്സാണ്ടറുടെ ജനനത്തിനു് ഏതാണ്ട് 200 വർഷം മുമ്പാണ് ആ പ്രവചനമുണ്ടായതു്. പേർഷ്യൻസാമ്രാജ്യത്തെ പിടിച്ചടക്കിക്കൊണ്ട് അതിശക്തനായ ഒരു രാജാവു മുന്നേറുമെന്നും എന്നാൽ പെട്ടെന്ന് അയാൾ മരിച്ചുപോകുമെന്നും തന്റെ സാമ്രാജ്യം നാലായി വിഭജിക്കപ്പെടുമെന്നും ദാനിയേൽ പറഞ്ഞു. "അതു് അവന്റെ

സന്തതിക്കല്ല അവൻ വാണിരുന്ന അധികാരംപോലെയുമല്ല അവൻെറ രാജത്വം നിർമ്മൂലമാക്കി അവർക്കല്ല അന്യർക്ക് അധീനമാകും'' (ദാനി. 11:5) എന്നുകൂടി ദാനിയേൽ വ്യക്തമാക്കുകയുണ്ടായി. ബി.സി. 324-ൽ അലക്സാണ്ടർ ഹെല്ലസ്പോണ്ട് കടന്നു് ഏഷ്യാമൈനറിൽ എത്തി. ഗ്രാനികസ് നദീതീരത്തുവെച്ച് പേർഷ്യൻസൈന്യവുമായി ഏററുമുട്ടുകയും അവരെ കഠിനമായി പരാജയപ്പെടുത്തുകയുംചെയ്തു. തുടർന്നു് ഇസ്സസ്സിൽ (Issuss) വെച്ചും അലക്സാണ്ടർ പേർഷ്യൻസൈന്യത്തെ തോൽപ്പിക്കുകയുണ്ടായി. അതിനുശേഷം അലക്സാണ്ടർ സിറിയയുടെ തീരങ്ങളിലൂടെ ഈജിപ്തിലേയ്ക്കുപോകുകയും ഒരു യുദ്ധംകൂടാതെതന്നെ ആ രാജ്യം പിടിച്ചെടുക്കുകയുംചെയ്തു. അവിടെനിന്നും കിഴക്കോട്ടുനീങ്ങിയ അലക്സാണ്ടറെ ഡാറിയൂസ് അർബേലയിൽവെച്ച് (Arbela) നേരിട്ടു. അവിടെവെച്ച് പേർഷ്യൻസൈന്യം നിശ്ശേഷം പരാജയപ്പെട്ടു. വീണ്ടും കിഴക്കോട്ടുതിരിച്ച അലക്സാണ്ടർ ഇൻഡ്യവരെ എത്തി. എന്നാൽ സൈന്യങ്ങളുടെ നിർബന്ധപ്രകാരം അദ്ദേഹത്തിനു മടങ്ങിപ്പോകേണ്ടിവന്നു. ആ യാത്രയിൽതന്നെ ബി.സി. 323-ൽ തൻെറ 32-ാമത്തെവയസ്സിൽ അലക്സാണ്ടർ പെട്ടെന്നു മരിച്ചു. അദ്ദേഹത്തിൻെറ മരണത്തെത്തുടർന്നു് ആ വിശാലമായ ഗ്രീക്കുസാമ്രാജ്യം ഗ്രീക്കുസൈന്യാധിപന്മാർ കൈവശമാക്കി. ടോളമി ഈജിപ്ററും, ആൻറിപ്പേററർ മാസിഡോണും ഗ്രീസും, ലിസിമാർക്കസ് ത്രേസും, സെല്യൂക്കസ് സിറിയയും കൈയടക്കി. അങ്ങനെ ദാനിയേലിൻെറ പ്രവചനം ആക്ഷരികമായി നിറവേറി.

ഈജിപ്ററിനെയും സിറിയയെയും സംബന്ധിച്ച് വളരെ വിശദമായി ദാനിയേൽ പ്രവചിക്കുന്നുണ്ട്. ദീർ

ഫലമായ ഈജിപ്ത് സിറിയ മൽസരത്തിന്റെ വ്യക്തമായ ചരിത്രമാണു ദാനിയേൽപ്രവചനം 11—ാം അദ്ധ്യായം. അവ അതിന്റെ എല്ലാ വിശദാംശങ്ങളിലും സംഭവിച്ചതു് വേദവിദ്വേഷികളെ വളരെ വിഷമിപ്പിച്ചിട്ടുണ്ടു്. അതിനു് അവർ ഒരു സമാധാനം കണ്ടെത്താതിരുന്നിട്ടില്ല. എന്താണെന്നല്ലെ? ദാനിയേൽപ്രവചനം B. C. 2—ാംനൂററാണ്ടിൽ മാത്രമാണു് എഴുതപ്പെട്ടതുപോൽ! ഒരു ദൃക്സാക്ഷിക്കുമാത്രമേ ഇത്ര കൃത്യമായി സംഭവങ്ങളെ വിവരിക്കുവാൻ കഴിയൂ എന്നുള്ളതാണു് ഈ അഭിപ്രായത്തിനുള്ള പ്രധാന കാരണം. A. D. 3—ാംനൂററാണ്ടിൽ ജീവിച്ചിരുന്ന പോർഫിറിയാണു് ഈ അഭിപ്രായം ആദ്യം പറഞ്ഞതു്. വേദപുസ്തകത്തിലെ പ്രവചനങ്ങൾക്കുള്ള ഒരു 'തകരാറു്' അവ അത്യധികം കൃത്യമായി നിറവേറുന്നു എന്നുള്ളതാണല്ലൊ. പക്ഷേ, ദാനിയേൽപ്രവചനം മഹാനായ അലക്സാണ്ടർ കണ്ടിരുന്നു എന്നുള്ളതാണു വസ്തുത. B.C.333—ൽ അലക്സാണ്ടർ സോർ നഗരം നിരോധിച്ചിരുന്ന അവസരത്തിൽ ഒരു കൂട്ടം യഹൂദന്മാർ അദ്ദേഹത്തെ ചെന്നുകണ്ടതായും പിന്നീടു് അദ്ദേഹം യരുശലേമിലേക്കു ചെല്ലുകയും അവർക്കു വേണ്ട സംരക്ഷണം വാഗ്ദാനം ചെയ്തതായും ആ അവസരത്തിൽ തന്നെക്കുറിച്ചു് ദാനിയേൽ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന വാചകങ്ങൾ മഹാപുരോഹിതൻ അലക്സാണ്ടറെ വായിച്ചു കേൾപ്പിച്ചതായും ഒരു പാരമ്പര്യമുണ്ടെന്നു തൽമൂദിലും ജോസീഫസിന്റെ "ആൻറിക്വിററിസി"ലും കാണുന്നു.

സോർ (Tyre) എന്ന ഫിനിഷ്യപട്ടണത്തിനു വരാൻ പോകുന്ന ന്യായവിധിയെപ്പററി യഹസ്കിയേൽ പ്രവചിക്കുകയുണ്ടായി (യെഹ. 26—ാം അദ്ധ്യായം). ബാബേൽ രാജാവായ നെബൂഖദ്നേസർ ആ പട്ടണം പിടിക്കുമെന്നും (വാ. 7) അതു വലവിരിക്കുവാനുള്ള സ്ഥലമായി മാറു

മെന്നും (14) അതിലെ കല്ലും മരവും മണ്ണും വെള്ളത്തിലിട്ട മെന്നും (12) അതു് ഇനി ഒരിക്കലും പണിയപ്പെടുകയില്ലെന്നും (14) പ്രവാചകൻ പറഞ്ഞു. B.C. 590-ൽ എഴുതിയ ഈ വാക്കുകൾ എങ്ങനെ നിവൃത്തിയായി എന്നു് അറിയുന്നതു് രസകരമായിരിക്കും.

B.C. 586—ൽ നെബൂഖദ്നേസർ സോർ പട്ടണം വളഞ്ഞു. B.C. 573—ൽ ഈ പട്ടണം ബാബേൽരാജാവിനു കീഴടങ്ങി. എന്നാൽ അപ്പോഴേക്കും ആ ബുദ്ധിമാന്മാരായ ഫിനിഷ്യക്കാർ പട്ടണത്തിലെ വിലപിടിപ്പുള്ളതെല്ലാം ഒന്നര മൈൽ അകലെയുള്ള ചെറുദ്വീപിലേക്കു കടത്തിക്കഴിഞ്ഞിരുന്നു. അങ്ങനെ നെബൂഖദ്നേസർ ആ ആക്രമണംകൊണ്ടു് കാര്യമായി ഒന്നും നേടാതെ മടങ്ങി. ഏതാണ്ടു് 241 വർഷക്കാലം സോർപട്ടണം പിന്നെയും നിലനിന്നു. അപ്പോഴാണു മഹാനായ അലക്സാണ്ടർ തന്റെ ദിഗ്വിജയത്തിനു പുറപ്പെട്ടതു്. കിഴക്കൻരാജ്യങ്ങളെ ലക്ഷ്യമാക്കി ഇറങ്ങിയ അലക്സാണ്ടറിനു് ആ മെഡിററേനിയൻ തീരദേശപട്ടണങ്ങൾ പിടിച്ചു് അവരുടെ നാവികപ്പടയെ നശിപ്പിക്കാതെ മുന്നോട്ടു പോകുന്നതു ബുദ്ധിയല്ല എന്നു തോന്നി. കാരണം ആ ഫിനിഷ്യർ തന്റെ അഭാവത്തിൽ ഗ്രീസിനെ ആക്രമിച്ചെന്നുവരാമെന്നു് അലക്സാണ്ടർ ഭയപ്പെട്ടു. അങ്ങനെ അലക്സാണ്ടർ സോരിനെ ആക്രമിച്ചു. വലിയ എതിർപ്പുകൂടാതെ അവർ അദ്ദേഹത്തിനുകീഴടങ്ങുകയാണുണ്ടായതു്. എന്നാൽ അലക്സാണ്ടർ ആക്രമണം അവസാനിപ്പിച്ചില്ല. സോരിന്റെ വക ദ്വീപുകൂടി പിടിച്ചെടുക്കാതെ പോകുവാൻ ആ കുശാഗ്രബുദ്ധിക്കു മനസ്സില്ലായിരുന്നു. ഫിനിഷ്യൻ നാവികപ്പട സുശക്തമായിരുന്നതിനാൽ അലക്സാണ്ടർ തികച്ചും അസാധാരണവും ശ്രമകരവുമായ ഒരു ആക്രമണ

രീതി അവലംബിച്ചു. വൻകരയെയും ദ്വീപിനെയും ബന്ധിപ്പിക്കുന്ന ഒരു വരമ്പുതന്നെ നിർമ്മിച്ചു. അതിനു സോർപട്ടണത്തിലെ കല്ലും തടിയും മണ്ണും ഉപയോഗിച്ചു. "നിന്റെ കല്ലും മരവും മണ്ണും എല്ലാം അവർ വെള്ളത്തിൽ ഇട്ടുകളയും." (26:12) എന്നു് യെഹസ്ക്കിയേൽ സോരിനോടുപറഞ്ഞ വാക്കുകൾ അക്ഷരംപ്രതിയാണു നിവൃത്തിയായതു്. തന്റെ സൈന്യത്തിനു നിർബാധം കടന്നുപോകത്തക്കവണ്ണം ഇങ്ങനെ കടലിൽ ഒരു പാത സൃഷ്ടിച്ചുകൊണ്ടു് ആ ദ്വീപും പിടിച്ചു. അങ്ങനെ സോരിന്റെ ചരിത്രവും അവസാനിച്ചു. എന്നാൽ അതിനെപ്പററിയുള്ള പ്രവചനം അല്പംകൂടിയുണ്ടു്. ആ പട്ടണം ഇനി ഒരിക്കലും പണിയുകയില്ല എന്നുള്ളതാണതു്. അലക്സാണ്ടർ ഉണ്ടാക്കിയ നടപ്പാതയുടെ അവശിഷ്ടങ്ങളും പ്രദർശിപ്പിച്ചുകൊണ്ടു് സാക്ഷാൽവല വിരിക്കുന്ന സ്ഥലമായി പഴയ സോർ സ്ഥിതിചെയ്യുന്നതു് യെഹസ്ക്കിയേൽപ്രവചനത്തെ നിവർത്തിച്ചുകൊണ്ടാണു്. ഒരു വലിയ പട്ടണത്തിനാവശ്യമായ ശുദ്ധജലം ലഭ്യമായ ആ പ്രദേശത്തു് ഒരു ആധുനിക നഗരം എന്തുകൊണ്ടു് ഉയരുന്നില്ല എന്ന ചോദ്യത്തിനുത്തരം "നിന്നെ ഇനി പണിയുകയുമില്ല" എന്ന പ്രവചനംമാത്രമാണു്.

യഹൂദനെപ്പററി വേദപുസ്തകം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധേയമാണു്. യഹൂദന്മാരോടൊപ്പം ദേശീയജീവിതം ആരംഭിച്ച മററു ജനവർഗ്ഗങ്ങൾ ഇന്നു് എവിടെയാണു്? ബാബിലോണ്യർ, ഏദോമ്യർ, ഫെലിസ്ത്യർ ഇവരെല്ലാം ഭൂതകാലത്തിന്റെ ചവററുകൊട്ടയിൽ അടിഞ്ഞു. യഹൂദനാകട്ടെ ഇന്നും നിൽക്കുന്നു. അവരെ നാമാവശേഷമാക്കുവാൻ മിസ്രയീമ്യരും, അമ്മോന്യരും, അമോര്യരും എല്ലാം ശ്രമിച്ചു. അസംഖ്യം യുദ്ധങ്ങളെ അവർ

അതിജീവിച്ചു. ബാബിലോന്യരും, പേർഷ്യക്കാരും, ഗ്രീക്കുകാരും റോമാക്കാരും അവരെ കീഴടക്കി. യഹൂദൻ നശിച്ചില്ല. ആധുനികയൂറോപ്പിന്റെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണ് ഹിററ്ലറുടെ യഹൂദസംഹാരം. 60 ലക്ഷം യഹൂദന്മാരെയാണ് ആ സ്വേച്ഛാധിപതി കൊന്നൊടുക്കിയത്. എന്നാൽ ഹിററ്ലറും അദ്ദേഹത്തിന്റെ തത്വസംഹിതയും നാമാവശേഷമായി. യഹൂദനാകട്ടെ ഇന്നുമുണ്ട്; ഒരു ജനതയായി, ഒരു രാഷ്ട്രമായി, ഒരു ശക്തിയായി. കാരണം എന്തെന്നല്ലേ?

ഉത്തരം കിട്ടാൻ വേദപുസ്തകത്തിലേക്കാണു തിരിയേണ്ടത്. "എങ്കിലും നിങ്ങൾ ചിതറിപ്പോകുമ്പോൾ വാളിനു തെററിപ്പോയവർ ജാതികളുടെ ഇടയിൽ നിങ്ങൾക്കുണ്ടാകേണ്ടതിനു ഞാൻ ഒരു ശേഷിപ്പിനെ വെച്ചേക്കും" (യെഹ. 6:8). 1948 മേയ്മാസം 14-ാം തീയതി വർത്തമാനപ്പത്രങ്ങൾ ഒരു പ്രധാന വാർത്ത പ്രസിദ്ധീകരിച്ചു. ഇസ്രയേൽ എന്നൊരു പുതിയ രാഷ്ട്രം ഉടലെടുത്തു എന്ന്. യഹൂദന്മാർ പലസ്തീനിൽ വീണ്ടും കുടിയേറിപ്പാർക്കുമെന്നും ഇസ്രയേൽരാഷ്ട്രം ഉണ്ടാകുമെന്നും ഒരു 75 വർഷംമുമ്പ് ആരെങ്കിലും പറഞ്ഞാൽ അയാൾ ഒരു ഫലിതം പറഞ്ഞെന്നല്ലാതെ മറെറാന്നും ആരും ധരിക്കുമായിരുന്നില്ല. എന്നാൽ ഈ അസാദ്ധ്യമായ കാര്യം നിശ്ചയമായി നടക്കുമെന്ന് ബൈബിൾ വളരെ വ്യക്തമായി പറഞ്ഞിരുന്നു. യെശ. 11, യിരമ്യാ. 33, യഹ. 11, ആമോ. 9 എന്നീ അദ്ധ്യായങ്ങൾ വായിക്കുക. ആമോ. 9:14–15 വാക്യങ്ങൾ ഇങ്ങനെയാണ്. "അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കിവരുത്തും. ശൂന്യമായി പോയിരുന്ന പട്ടണങ്ങളെ അവർ പണിതു പാർക്കുകയും മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കി അവ

യിലെ വീഞ്ഞു കുടിക്കുകയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തു നടും. ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്നു് അവരെ ഇനി പറിച്ചു കളകയുമില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു".

1959 ജൂലൈ 27–ാം തീയതി ഈജിപ്റ്റിന്റെ പ്രസിഡൻറായിരുന്ന നാസർ ഇങ്ങനെ പ്രഖ്യാപിച്ചു. "ഇസ്രായേൽ ചതിവിൽ സ്ഥാപിതമായ ഒരു മഹാപാതകമാണു്. ഐക്യഅറബി റിപ്പബ്ളിക്കിലെ ജനങ്ങളുടെ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു ഞങ്ങൾ നിശ്ചയമായും ഇസ്രായേലിനെ ഉന്മൂലനം ചെയ്യും". എന്നാൽ സംഭവിച്ചതും സംഭവിക്കുന്നതും എന്താണു്? വേദപുസ്തകം മുൻകൂട്ടി പറഞ്ഞിരിക്കുന്ന ചരിത്രത്തെ മാററിമറിക്കുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല എന്നു തെളിയിച്ചുകൊണ്ടു് ഇന്നു് ഇസ്രായേൽ അവരുടെ വാഗ്ദത്തഭൂമിയിൽ സുസ്ഥാപിതമായിരിക്കുന്നു. അതുമാത്രമല്ല ഈജിപ്റ്റും ഇസ്രായേലും തമ്മിലുള്ള ഒരു സൗഹൃദക്കരാർ രൂപംപൂണ്ടുവരികയുമാണു്. അങ്ങനെ ഒരു കരാർ ഉണ്ടാകുമെന്നു് രാഷ്ട്രനേതാക്കൾക്കു് യാതൊരു ഉറപ്പും ഇന്നില്ല. എന്നാൽ സണ്ടേസ്ക്കൂളിൽ പഠിക്കുന്ന ഒരു ചെറിയ കുട്ടിക്കുമറിയാം ഇന്നല്ലെങ്കിൽ നാളെ അങ്ങനെ ഒരു കരാറുണ്ടാകുമെന്നു്. കാരണം വരാൻപോകുന്ന അന്തിക്രിസ്തു ഒരു ഉടമ്പടിയെ സ്ഥിരീകരിക്കണം എന്നു ദാനീയേൽ പ്രവചിച്ചിട്ടുണ്ടു് (ദാനി. 9:27). അങ്ങനെയെങ്കിൽ ഇസ്രായേലും ചുററുമുള്ള രാഷ്ട്രങ്ങളുമായി ഒരു കരാർ നേരത്തെ ഉണ്ടായേപററൂ.

"History is His Story" (ചരിത്രം അവന്റെ കഥയാണു്) എന്നുള്ള പ്രസ്താവന ചരിത്രത്തിന്റെ ഒരു നിർവചനമായി ഒരു പാഠപുസ്തകത്തിലും കാണുകയില്ല.

എന്നാൽ ഇത്ര സത്യമായ മറെറാരു നിർവചനം കണ്ടെത്തുവാനും പ്രയാസമാണ്. അപ്പോസ്തോലനായ പൗലോസ് ഇങ്ങനെ പറയുന്നു: "......കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി നിയോഗിച്ചയച്ചു......." (ഗലാ. 4:4). "കാലസമ്പൂർണ്ണത വന്നപ്പോൾ" എന്നു പറഞ്ഞാൽ ഏററവും പററിയ സമയത്തു് അഥവാ എല്ലാം തയ്യാറായ അവസരത്തിൽ എന്നാണ്. സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവം തൻെറ പുത്രനെ ഭൂമിയിലേയ്ക്കു് അയയ്ക്കാനായി ചരിത്രത്തെ ഒരുക്കിയെടുക്കുകയായിരുന്നു. B. C. യുടെ അന്ത്യശതകവും A. D. യുടെ ആദ്യശതകവും ഈ സത്യം വളരെ വ്യക്തമാക്കുന്നുണ്ട്. ഒരു ചെറിയ നഗരരാഷ്ട്രമായി ആരംഭിച്ച റോം, യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി പരന്നുകിടക്കുന്ന ഒരു മഹാസാമ്രാജ്യമായിത്തീർന്നു. ഇതിൻെറ ഏതു ഭാഗത്തുനിന്നും റോമിൽ എത്തത്തക്കവണ്ണമുള്ള റോഡുകൾ റോമാക്കാർ നിർമ്മിച്ചു. സമുദ്രസഞ്ചാരസൗകര്യവും വേണ്ടുവോളമുണ്ടായിരുന്നു. ഗ്രീക്കു് റോമൻ ഭാഷകളും സംസ്ക്കാരവും റോമൻഭരണവും സാമ്രാജ്യത്തിലെ നാനാവർഗ്ഗക്കാരെയും ഭാഷക്കാരെയും കൂട്ടിയിണക്കി. ഏതൊരു കുഗ്രാമവാസിക്കും രണ്ടുഭാഷകളെങ്കിലും അറിയാമായിരുന്നു.

"റോമൻസമാധാനം" (Pax Romana) എങ്ങും നിലനിന്നിരുന്നു. എന്നാൽ ജനങ്ങൾക്കു് ആന്തരികസമാധാനം ഇല്ലായിരുന്നുതാനും. ഗ്രീക്കുതത്ത്വജ്ഞാനവും റോമൻമതവും ജനങ്ങൾക്കു യാതൊരു സംതൃപ്തിയും നൽകിയില്ല. കർക്കശമായ ആചാരാനുഷ്ഠാനങ്ങളിലും അപഹാസ്യമായ വേഷഭക്തിയിലും കുടുങ്ങിക്കിടന്നിരുന്ന യഹൂദമതത്തിനും ജാതീയലോകം ആവശ്യപ്പെട്ട ചലനാത്മകമായ ഒരു സന്ദേശം നൽകാനുണ്ടായിരുന്നില്ല. അങ്ങനെ ലോകം

യഥാർത്ഥ ദൈവീകസന്ദേശത്തിനുവേണ്ടി ആശിച്ചും പ്രതീക്ഷിച്ചുംകഴിയുന്ന സന്ദർഭമായിരുന്നു അത്ര്. ഏററവും പററിയ ആ സന്ദർഭത്തിലാണ് ദൈവം തൻെറ പുത്രനെ ലോകത്തിലേയ്ക്കയെച്ചത്.

ദൈവപുത്രൻ ഈ ഭൂഗോളം സന്ദർശിക്കുവാനുള്ള വഴി ചരിത്രത്തിൽക്കൂടി ഒരുക്കിയതോടൊപ്പം ഈ യാത്രാപരിപാടിയുടെ ഉദ്ദേശ്യമുൾപ്പെടെയുള്ള വിശദാംശങ്ങൾ ദൈവം പ്രവാചകന്മാർമുഖാന്തരം ലോകത്തിനു നൽകുകയുണ്ടായി.

"ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു" (സങ്കീ. 40:7). ദൈവപുത്രൻ തന്നെ തൻെറ ലോകാഗമനത്തിന് ആയിരംവർഷങ്ങൾ മുമ്പ് ദാവീദിൽക്കൂടി ഇങ്ങനെ പ്രഖ്യാപിച്ചു. ഏകദേശം 300 വർഷംകൂടി കഴിഞ്ഞു ദൈവം യെശയ്യാവിൽക്കൂടി ഇങ്ങനെ സംസാരിച്ചു: "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവൻെറ തോളിൽ ഇരിക്കും. അവന് അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 9:6).

യെശയ്യാവിൻെറ ഈ വാക്കുകൾ ഒരേഒരാളിൽമാത്രം അന്വർത്ഥമായിരിക്കുന്നു എന്നുള്ളതു ശ്രദ്ധിക്കുക. പ്രവാചകൻ വിവരിക്കുന്ന ആ വ്യക്തിക്ക് ഉപയോഗിച്ചിരിക്കുന്ന വിശേഷണപദങ്ങൾ അസാധാരണമായിരിക്കുന്നു. ശിശു, മകൻ, അധിപതി, അത്ഭുതവാൻ, മന്ത്രി, ശക്തൻ, ദൈവം, നിത്യപിതാവ്, സമാധാനപ്രഭു. ലോകം കണ്ടിട്ടുള്ള ഏതൊരു വ്യക്തിക്ക് ഈ പദങ്ങൾ ചേരും എന്നു ചിന്തിക്കുകതന്നെ വേണം. അലക്സാണ്ടർ, ജൂലിയസ് സീസർ, നെപ്പോളിയൻ മുതലായ ശക്തന്മാരായ ധീരസേ

നാനികളും അധിപന്മാരും ലോകത്തിലുണ്ടായിട്ടുണ്ട്. എന്നാൽ ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നീ നാമങ്ങൾ അവർക്ക് യാതൊരു ചരിത്രപുസ്തകവും നൽകിയിട്ടില്ല; നൽകുകയുമില്ല.

വില്ല്യംപിററ്, ബിസ്മാർക്ക്, വിൻസ്റ്റൺ ചർച്ചിൽ എന്നീ മന്ത്രിപ്രവരന്മാർ ലോകചരിത്രത്തിൽ സ്ഥലംപിടിച്ചിട്ടുണ്ട്. പക്ഷേ, യശയ്യാവുപയോഗിച്ചിരിക്കുന്ന വിശേഷണപദങ്ങൾ അവർക്കുകൊടുത്ത് അവരെ ആക്ഷേപിക്കുവാൻ നാം മുതിരുകയില്ല. എന്നാൽ ഏകദേശം രണ്ടായിരംവർഷങ്ങൾക്കുമുമ്പ് ബേത്ത്ലഹേമിലെ ഒരു വഴിയമ്പലത്തിൽ ഒരു ശിശു ജനിച്ചു. മനുഷ്യപുത്രനെന്നും ദൈവപുത്രനെന്നും ഈ ശിശു വിളിക്കപ്പെട്ടിട്ടുണ്ട്. മഹാത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടും സദുപദേശങ്ങൾ ജനങ്ങൾക്കു നൽകിക്കൊണ്ടും മുപ്പത്തിമൂന്നരവർഷം ആ 'അത്ഭുതമന്ത്രി' ഇവിടെ ജീവിച്ചു. "ദൈവത്തോടുള്ള സമാധാനവും" ദൈവത്തിലുള്ള സമാധാനവും തന്റെ ബലിമരണത്താൽ മനുഷ്യവർഗ്ഗത്തിനു പ്രദാനംചെയ്തുകൊണ്ട് സാക്ഷാൽ സമാധാനപ്രഭുവായി കർത്താവായ യേശുക്രിസ്തു ചരിത്രത്തിൽ തലഉയർത്തി നിൽക്കുകയാണ്. ഏ.ഡി. എന്നും ബി.സി. എന്നും ചരിത്രത്തെ രണ്ടായി വിഭജിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി സകലവും അവനിൽനിന്നും, അവനാലും, അവങ്കലേക്കും" (റോമ. 11:36) എന്ന സത്യം വിളംബരംചെയ്യുകയാണ് അതുല്യനായ ക്രിസ്തു.

ലോകനേതാക്കൾ ഒരു സ്ഥലം സന്ദർശിക്കുമ്പോൾ അവർ എന്ന് എപ്പോൾ എങ്ങനെ അവിടെ എത്തിച്ചേരുമെന്നും എന്തെല്ലാം അവർ ചെയ്യും എന്നെല്ലാം മുൻകൂട്ടി നിശ്ചയിച്ച് ബന്ധപ്പെട്ടവരെ അറിയിക്കും. അങ്ങനെ

കാലേക്കൂട്ടി തയ്യാറാക്കിയ പരിപാടി അനുസരിച്ചായിരിക്കും ആ സന്ദർശനം നടക്കുക. ആ വിശിഷ്ടാതിഥിക്ക് എല്ലാ പരിപാടിയും പൂർത്തിയാക്കാൻ കഴിയാതെവന്നെന്നും വരാം. എന്നാൽ ദൈവപുത്രൻ ഈ ലോകം സന്ദർശിച്ചപ്പോൾ മുൻകൂട്ടിപ്പറഞ്ഞ എല്ലാ പരിപാടികളും വളരെ കൃത്യമായിത്തന്നെ നിർവഹിച്ചു. അവയിൽ ചിലതിലേക്ക നമ്മുടെ ശ്രദ്ധയെ തിരിക്കാം.

1) ബാല്യകാലത്തുതന്നെ ഈജിപ്റ്റു സന്ദർശിക്കുകയും അല്പകാലം അവിടെ താമസിച്ചശേഷം മടങ്ങുകയും ചെയ്യും. ഹോശയാ 11:1; മത്താ. 2:15.

2) പ്രസംഗങ്ങളിലും സംസാരങ്ങളിലും ഉപമകൾ ധാരാളം ഉപയോഗിക്കും. സങ്കീ. 78:2; മത്താ. 13:11–13, 31–35.

3) ഒരു പെൺകഴുതക്കുട്ടിയുടെമേൽ കയറി യരുശലേമിലേക്ക് യഹോവയുടെനാമത്തിൽ ഒരു ജൈത്രയാത്ര നടത്തും. സെഖ. 9:9; സങ്കീ. 118:26; മത്താ. 21:1–9; മർക്കോ. 11:7–11.

4) സാക്ഷാൽ പ്രാർഥനാലയമായിരിക്കേണ്ട യരുശലേം ദൈവാലയത്തിലെ അനാശാസ്യപ്രവൃത്തികളെ ശാസിക്കും. സങ്കീ. 69:9; യോഹ. 2:13–17.

5) കൃത്യം 30 വെള്ളിക്കാശിന് ഒററിക്കൊടുക്കപ്പെടും. സങ്കീ. 41:9; 109:8; സെഖ. 11:12.

6) കൈകാലുകൾ തുളയ്ക്കപ്പെടും. സങ്കീ. 22:16.

7) കയ്പ്പുകാടി കുടിക്കും. സങ്കീ. 69:21; മത്താ. 27:34.

8) മനുഷ്യവർഗ്ഗത്തിനുവേണ്ടി പ്രായശ്ചിത്തമരണം വരിക്കും. യെശ. 53:5, 8, 11, 12; മത്താ. 20:28: I പത്രോ. 2:24.

9) ലജ്ജാകരമായ ഒരു മരണമാണെങ്കിലും അടക്കം മാന്യമായിരിക്കും. യെശ. 53:9; മത്താ. 27:57–60.

10) ഉയിർത്തെഴുന്നേൽക്കും. സങ്കീ. 16:8–11; I കൊരി. 15:3,4.

ഒരു സമർത്ഥനായ രാജ്യതന്ത്രജ്ഞൻ ആരാണ് എന്ന ചോദ്യത്തിനു് ഒരാൾ ഇങ്ങനെയാണു മറുപടിപറഞ്ഞതു്: അഞ്ചോ പത്തോ വർഷത്തിനുശേഷം എന്താണു സംഭവിക്കുവാൻ പോകുന്നതെന്നു് വാചാലമായി, തീർത്തും, തറപ്പിച്ചും പറയുവാനും ഒടുവിൽ അങ്ങനെ സംഭവിക്കാതിരുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി വിശകലനംചെയ്യുവാനും കഴിവുള്ള ആൾ. ഇത്തരം പ്രവചനങ്ങൾ കക്ഷിരാഷ്ട്രീയത്തിന്റേതായ ഇക്കാലത്തു് ധാരാളം കേൾക്കാനുണ്ട്. പുരാതന യവനന്മാർക്കു് ഡൽഫി എന്ന സ്ഥലത്തെ ക്ഷേത്രത്തിൽ ഭാവികാര്യങ്ങൾ മുൻകൂട്ടിപ്പറയുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. തങ്ങളുടെ ഭാവിയെപ്പററി അറിയുവാൻ അവിടെ ചെല്ലുന്നവരുടെ ചോദ്യങ്ങൾക്കു് എങ്ങനെയൊക്കെ വേണമെങ്കിലും വ്യാഖ്യാനിക്കാവുന്ന ഒരു വാചകം മറുപടിയായി ലഭിച്ചിരുന്നു. അതു സംഭവിച്ചുകഴിയുമ്പോൾ അതിനോടു പൊരുത്തപ്പെടുത്താവുന്ന രീതിയിലായിരിക്കും പ്രസ്തുത വാചകം. ഇത്തരത്തിലൊന്നുമുള്ള പ്രവചനങ്ങളല്ല വിശുദ്ധവേദപുസ്തകത്തിലേതു്. മനുഷ്യന് യാതൊരു എത്തുംപിടിയുമില്ലാത്ത ഭാവികാലകാര്യങ്ങൾ അതിസൂക്ഷ്മമായും കൃത്യമായും നൂററാണ്ടുകൾക്കുമുമ്പുതന്നെ ലളിതമായ ഭാഷയിൽ ബൈബിൾ പ്രസ്താവിക്കുന്നു. പ്രവചനങ്ങളിൽ അലങ്കാരഭാഷയും, ദൃഷ്ടാ

ന്നങ്ങളും ഇല്ലെന്നല്ല. ചിന്തയും, പഠനവും, വ്യാഖ്യാനവും ആവശ്യമായ പ്രവചനരീതിയും ഉണ്ട്. പക്ഷേ, അവയുടെ അർത്ഥം വ്യക്തമാണ്. കബളിപ്പിക്കലൊന്നുമില്ല. അതേസമയം അത്യധികമായ കണിശവും കൃത്യതയും വേദപ്രവചനങ്ങൾ പുലർത്തുന്നുണ്ട്. യിസ്രായേലിനെ സംബന്ധിച്ചുള്ള ദൈവിക പരിപാടി നിർവഹിക്കുവാൻ കോരേശിനെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നു എന്ന് യെശയ്യാവുപറഞ്ഞു (യെശ. 44:28). കോരേശു ജനിക്കുന്നതിന് ഏതാണ്ട് 200 വർഷംമുമ്പാണ് യെശയ്യാവ് ആ പേരു കൃത്യമായിട്ടു പറഞ്ഞത്. എ.ഡി. 2200-ലെ ഇൻഡ്യൻ പ്രധാനമന്ത്രിയുടെ പേര് ആർക്കെങ്കിലും ഇന്നു പറയുവാൻ സാധിക്കുമോ? ഇത്തരം കൃത്യതകളുടെ കഥകൾ മാത്രമാണ് ബൈബിളിലെ പ്രവചനത്തിനുള്ളത്. പ്രവചനം മുൻകൂർചരിത്രമാണ്. ചരിത്രം നിവൃത്തിയായ പ്രവചനങ്ങളും.